ന്നുള്ളൂ. ഇന്നു സ്ഥിതി അതല്ല. ചപ്പും ചവറും മാറ്റിനിർത്തിയാൽ തന്നെ, എത്രയെത്ര പ്രസിദ്ധീകരണങ്ങളാണ്? മികച്ച മിനിമാഗസിനുകളും ഇതിൽപെടും. ഇവയിലൊക്കെയും നല്ല സാധനങ്ങൾ വരുന്നുണ്ട് എന്നത് ഒരു യാഥാർഥ്യമാണ്. പക്ഷേ, വായനക്കാരുടെ കണ്ണ് എല്ലായിടത്തുമെത്തുന്നില്ല – സാധ്യവുമല്ല അത്. ഇതിനിടയിൽ 'നിഴലും വെളിച്ചവും' കൊണ്ടുള്ള കളിയിൽ വീണുപോകുന്നു എന്ന നില വേറെയും. ഇങ്ങ നെ ഒരവസ്ഥയുണ്ടെന്നല്ലാതെ 'സൃഷ്ടിപരത' കുറയുന്നു എന്ന അഭിപ്രായം എനിക്കില്ല. (ഏറ്റക്കുറച്ചിലുണ്ടാവാം, ചില 'സൂപ്പർസ്റ്റാറുക'ളുടെ സൃഷ്ടിപരത കുറയുന്നുണ്ടാവാം – ഇതെല്ലാം സ്വാഭാവികം മാത്രം). കാണണമെന്നുണ്ടെങ്കിൽ, 'കണ്ണുള്ളവൻ കാണുന്നുണ്ട്' എന്നാണെനിക്കു തോന്നുന്നത്.



അക്ബർ കക്കട്ടിൽ

വിമർശനത്തിന്റെ കാര്യത്തിലാകട്ടെ, ആ ശാഖ കുറെക്കൂടി സർഗാത്മകമാകുന്നുണ്ട് എന്നാണെന്റെ അനുഭവം. ഒരു കുഴപ്പം മാത്രം. മാനസികമായോ ഭൗതികതലത്തിലോ ഇതു പലപ്പോഴും 'സ്വന്തക്കാരുടെ കൈയിൽ കിടന്നുള്ള ഒരു കളി'യായി മാറുന്നു. വായനക്കാരന് ഒരു 'വിശ്വാസരാഹിത്യം' ഉണ്ടാകുന്നു. അപൂർവം ചിലരുടെ സംഗതികളൊഴിച്ച് ഇതെന്നും അങ്ങനെയായിരുന്നല്ലോ.



പി. ഗോവിന്ദപ്പിള്ള

2. മൗലികത ഒരു ബൂർഷ്വാസങ്കൽപ്പമാണ്, നാമെഴുതുന്ന ഏതു കൃതിയിലും പരസ്വാധീനം നാം അറിയാതെ വരുന്നുണ്ട് തുടങ്ങിയ നിരീക്ഷണങ്ങൾക്ക് പ്രസക്തിയേറിവരുന്ന ഒരു കാലമാണിത്. ഒരു 'നാട്ടുകാരൻ' എന്ന നിലയ്ക്ക്, അങ്ങും ഇങ്ങും നോക്കാതെ, എനിക്കു തോന്നുന്ന ഒരു കാര്യം പറയാം. വാല്മീകിയും വ്യാസനും കാളിദാസനും ഭാസനുമൊക്കെ എഴുതിയ സ്ഥാനത്താണ് ഇന്നുള്ളവരും എഴുതുന്നത്. എന്നിരിക്കെ മൗലികത, പുതുമ, വൈവിധ്യം തുടങ്ങിയ അംശങ്ങൾ നാം ആരോട്, എന്തിനോട് താരതമ്യപ്പെടുത്തിയാണ് വിലയിരുത്തേണ്ടത്?



കോന്നിയൂർ ആർ. നരേന്ദ്രനാഥ്

ഓരോ കാലത്തും വരുന്ന സൃഷ്ടികൾ അതതിന്റെ രസവിതാനങ്ങളിൽ നിന്ന് നമുക്ക് ആസ്വദിക്കാം. അങ്ങനെ വരുമ്പോൾ അവയിൽ നല്ലതിന് മൗലികതയ്ക്കോ പുതുമയ്ക്കോ വൈവിധ്യത്തിനോ കുറവൊന്നുമില്ല. ചിലതിന് എരിവു കൂടുന്നതും കുറയുന്നതും ഒരു 'ആഗോള പ്രതിഭാസം' മാത്രം.

ഭാഷാപോഷിണിയുടെ സ്വയംപീഡനരതി

പി. ഗോവിന്ദപ്പിള്ള

പത്രാധിപരുടെ ചോദ്യത്തിലടങ്ങിയ മുൻകൂർ നിഗമനം എനിക്കു സ്വീകാര്യമല്ല. സോക്രട്ടീസിന്റെയും പ്ലേറ്റോയുടെയും കാലം മുതൽ എല്ലാ സമൂഹത്തിലെയും പിന്നോക്കവിഭാഗം ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്ന ഒരു പരാതിയാണ് ഗതകാലമഹത്വത്തിന്റെ വർത്തമാനകാലാപചയകഥ. കേരളത്തിലും ഇതു പരക്കെ കണ്ടുവരുന്ന ഒരു രോഗമാണെങ്കിലും, ഇത് ഏറ്റവും കൂടുതൽ ബാധിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ഒന്ന് 'ഭാഷാപോഷിണി'യാണെന്നു തോന്നുന്നു. 'ഭാഷാപോഷിണി'യുടെ കഴിഞ്ഞ മൂന്നുനാലു കൊല്ലത്തെ ലക്കങ്ങൾ എടുത്തു പരിശോധിച്ചാൽ ഈ രോഗലക്ഷണം വ്യക്തമാകുന്നതാണ്. അതിലെ മിക്ക വിവാദപ്രമേയങ്ങളും ഓരോരോ മേഖലകളിലും വന്നുഭവിച്ചിട്ടുള്ള അപചയങ്ങളെക്കുറിച്ചുള്ള പരിദേവനങ്ങളും പ്രതികരണങ്ങളും ആണെന്നു കാണാം.

ഈ വികലമായ വീക്ഷണത്തിന്റെയും ഒരുവക സ്വയംപീഡനരതിയുടെയും മറ്റൊരു ലക്ഷണം മാത്രമാണ് നിങ്ങൾ ഉന്നയിച്ചിട്ടുള്ള ചോദ്യത്തിലടങ്ങിയിരിക്കുന്നത്. ഇതു ഞാൻ "ഉണ്ടിരിക്കുന്ന നായർക്കൊരു വിളി തോന്നി"യതുപോലെ എഴുതുന്ന പ്രതികരണമല്ല. സാഹിത്യകലാരംഗത്തെ അപചയാരോപണങ്ങളെക്കുറിച്ചുള്ള എന്റെ സുചിന്തിതമായ അഭിപ്രായമാണ്. കൂടുതൽ വിശദമായ സംവാദത്തിന് അരങ്ങൊരുക്കിയാൽ എന്റെ വാദമുഖം കൂടുതൽ വിശദമായി സമർഥിക്കാനും ഒരുക്കമാണ്.

മൗലികം കാശിനെട്ട് കിട്ടുമോ?

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

കഴിഞ്ഞ മൂന്നു ദശകങ്ങളിൽ ബഹുജനമാധ്യമങ്ങൾക്കുണ്ടായ അഭിവൃദ്ധി, എഴുത്തുകാരന്റെ രചനകൾക്കുള്ള വിപണി വിപുലമാക്കാനുള്ള സാഹചര്യം സൃഷ്ടിച്ചു. ശാസ്ത്രത്തിന്റെയും സാങ്കേതിക സജ്ജീകരണങ്ങളുടെയും മുന്നേറ്റമാണ് മാധ്യമസാധ്യതകൾക്ക് പുതിയ മാനം നൽകിയത്. ഇപ്രകാരം രൂപമെടുത്ത പുതിയ മേഖലയുടെ വിപുലീകരണം ജീവിതത്തെ സമഗ്രമായി സ്വാധീനിക്കത്തക്ക പരിസ്ഥിതിയാണുണ്ടാക്കിയത്. അച്ചടിവിദ്യയ്ക്കുണ്ടായ നവീന രൂപഭാവസാധ്യതാസിദ്ധികൾ എടുത്തുപറയേണ്ട വസ്തുതകളാണ്. അതുപോലെയുള്ള കാര്യങ്ങളാണ് ഇലക്ട്രോണിക് മാധ്യമങ്ങളിലും സംഭവിച്ചത്. മാധ്യമങ്ങളെ കീഴ്മേൽ മറിച്ച ഈ മാറ്റങ്ങൾ വരുത്തിയ 'വിപ്ളവം', എഴുത്തുകാരനെയും അയാളുടെ മനോഭാവം, ലക്ഷ്യം, മൂല്യബോധം എന്നിവയെയും ക്രമാതീതമായി സ്വാധീനിക്കുകയുണ്ടായി.

ഇലക്ട്രോണിക് മാധ്യമങ്ങളുടെ അസാധാരണമായ വളർച്ച മൂലം പത്രങ്ങൾ, ആനുകാലികങ്ങൾ, പുസ്തകങ്ങൾ തുടങ്ങിയവയുടെ അകാലമൃത്യു അത്യാസന്നമാണെന്നു പലർക്കും ആശങ്കയുണ്ട്. പണ്ടത്തെ പത്രവും ഇന്നത്തെ പത്രവും തമ്മിലുള്ള അന്തരം രൂപഭാവങ്ങളിൽ മാത്രമല്ല ഉള്ളടക്കങ്ങളിലും ഉണ്ടെന്നു ചുരുക്കം. ഇതേ മാറ്റങ്ങൾ മറ്റു ബഹുജനമാധ്യമങ്ങളിലും സംഭവിച്ചിട്ടുണ്ടെന്നു പറയാനേ ഇവിടെ ഇടമുള്ളൂ.

മുകളിൽ സൂചിപ്പിച്ച മാറ്റങ്ങൾ എഴുത്തുകാരനെ എങ്ങിനെയാണു സ്വാധീനിക്കുന്നത്? പണ്ടത്തെക്കാൾ പതിന്മടങ്ങായിട്ടുണ്ട് എഴുത്തുകാരനുള്ള 'ഡിമാൻഡ്!' സാഹിത്യകാരന്റെ 'ചരക്ക്' വിൽക്കാനുള്ള വിപണി ഇന്നു വളരെ വിപുലമാണ്. സമൂഹം മൊത്തത്തിൽ അനുഭോഗവൽക്കരണത്തിന് അടിപ്പെട്ടുകഴിഞ്ഞിരിക്കുന്നു. അനുഭോഗസമൂഹത്തിലെ സമ്മർദങ്ങൾക്കു വിധേയനായിട്ടേ സാഹിത്യകാരനു പ്രവർത്തിക്കാൻ കഴിയൂ. ഇന്നു നമ്മുടെ ആനുകാലികങ്ങളിൽ ആഴ്ചതോറുമെന്നോണം പ്രസിദ്ധപ്പെടുത്താറുള്ള തുടർക്കഥകൾ നിലവാരമില്ലാത്ത കപടസാഹിത്യസൃഷ്ടികളാണല്ലോ. കഴിവും കാര്യശേഷിയും കഥ പറയാനുള്ള വിരുതുമുള്ള പല എഴുത്തുകാരും, ഈ വിധത്തിൽ കാശിനുവേണ്ടി പ്രവർത്തിക്കുന്നു. മൗലികതയും പുതുമയും വൈവിധ്യവുമൊക്കെ അളവിലും തൂക്കത്തിലും കുറഞ്ഞുവരുന്നതിന്റെ കാരണം ഇതുതന്നെ.

ആത്മകഥകൾ രചിക്കുന്നവർ നടന്നിട്ടില്ലാത്ത കാര്യങ്ങൾ

എരിവിനും പുളിക്കും വേണ്ടി എഴുതിച്ചേർക്കുന്നതും കള്ളയനുഭവങ്ങൾ ചിത്രീകരിക്കുന്നതും ഇന്നു സാധാരണമായിട്ടുണ്ട്. സാഹിത്യ അക്കാദമി തുടങ്ങിയ ആധികാരികത്വമുണ്ടെന്നു പറയപ്പെടുന്ന സ്ഥാപനങ്ങൾ അംഗീകാരവും പുരസ്കാരവും നൽകി അഭിനന്ദിച്ചിട്ടുള്ള മിക്കവാറും കൃതികൾ, ശരാശരി നിലവാരം പോലും പുലർത്തുന്നവയല്ലെന്നാണ് എനിക്ക് ആത്മാർത്ഥമായി അനുഭവപ്പെട്ടിട്ടുള്ളത്. അത്യുദാത്തങ്ങളായ സർഗാത്മക സാഹിത്യകൃതികളാണവയെന്നു വിലയിരുത്തുന്നത്, അത്യുദാരമായ വിധിയാണെന്നേ പറയാനുള്ളു.

വിലപ്പെട്ട സാഹിത്യസംഭാവനകളായി പരിഗണിക്കത്തക്ക മേന്മ കൈവരിച്ച കൃതികൾ കഴിഞ്ഞ മൂന്നു ദശകങ്ങളിൽ ഏറെയൊന്നും ഇവിടെയുണ്ടായിട്ടില്ല. കുറെ ശരാശരി കൃതികൾ പടച്ചുവച്ചിട്ട്, സ്വന്തം വൈതാളികന്മാരെക്കൊണ്ടും ക്ലിക്കിൽപെടുന്നവരെക്കൊണ്ടും, 'ഉഗ്രൻ' വിലയിരുത്തലുകൾ നടത്തി കീശ വീർപ്പിക്കുന്ന ഏർപ്പാടാണിവിടെയുള്ളത്. അതുകൊണ്ടുതന്നെയാണ് നിലവാരമുള്ള നല്ല കൃതികൾക്ക് ഇവിടെ ക്ഷാമം വന്നിരിക്കുന്നതും.

എഴുത്തുകാരനെ നിർവീര്യനാക്കി

പി. വി. കുര്യാക്കോസ്

അറുപതുകളിൽ കൊയ്ത്തുകാലമായിരുന്നു. എഴുപതുകളിൽ കാലാപെറുക്കി തൃപ്തിയടഞ്ഞു. എൺപതുകളിൽ തരിശായി മാറിയ വയലുകളിൽ നോക്കിനിന്ന് നെടുവീർപ്പിടുന്നു.

അനുഭവങ്ങളുടെ അപര്യാപ്തത, വായനയുടെ കുറവ്, സാമ്പത്തിക ഉന്നമനം ഇതൊക്കെ എഴുത്തുകാരനെ അലസനാക്കി. പിന്നെ അന്യോന്യം പുറം ചൊറിയുന്ന നിരൂപകരും അക്ഷരങ്ങളുടെ എണ്ണം കണക്കാക്കി വിലപേശി കാശു വാങ്ങുന്ന അവതാരിക എഴുത്തുകാരും ചേർന്ന് അവനെ നിർവീര്യനുമാക്കി.

ആശാന് അക്ഷരം പിഴച്ചില്ല

എം. പി. അപ്പൻ

ജീവിതത്തിന്റെ ഗതി ഉയർന്നും താണും വീണ്ടും ഉയർന്നും താണുമാണ് – കാളിദാസൻ.

നീചൈർ ഗച്ഛത്യുപരി ച ദശാ ചക്രനേമി ക്രമേണ

എന്നു മേഘസന്ദേശത്തിൽ പാടിയതു സ്മരിക്കാം. അക്കാര്യംതന്നെ മറ്റൊരു വിധത്തിൽ ആശാനും പ്രസ്താവിച്ചിട്ടുണ്ട്:

പിരിയാത്ത ശുഭാശുഭങ്ങളാർ-
ന്നൊരു വിശ്രാന്തിയെഴാതെ ജീവിതം
തിരിയാം ഭുവനത്തിൽ നിത്യമി-
ങ്ങിരുപക്ഷം പെടുമിന്ദുവെന്നപോൽ.

[ചി. സീത]

സാഹിത്യത്തിന്റെ ഗതിയും ഇവിടെ സൂചിപ്പിച്ചിരിക്കുന്നതു പോലെയാണെന്നു ഹാഡ്ലിറ്റ് എന്ന ആംഗലേയ സാഹിത്യകാരൻ പറഞ്ഞിട്ടുണ്ട്. സാഹിത്യത്തിൽ വൃദ്ധിയും ക്ഷയവും മാറിമാറി വരുന്നുവെന്നു സാരം.

സാഹിത്യപുരോഗതിയെ അങ്ങനെ സമയക്ളിപ്തമായി പരിശോധിക്കുന്നതു ശരിയാണോ എന്നു സംശയമില്ലാതില്ല. ഒരു കവിതന്നെ ഒരേ കാലഘട്ടത്തിൽ – പ്രതിഭാശക്തി മൂർധന്യാവസ്ഥയിൽ സ്ഥിതി ചെയ്യുമ്പോൾ – എഴുതുന്ന കവിതകൾ തമ്മിൽ വ്യത്യാ സം കാണും.

മൗലികതയും പുതുമയും വൈവിധ്യവും അളവിലും തൂക്കത്തിലും കുറഞ്ഞുവരുന്നതായിട്ടാണ് കണ്ടുവരുന്നത്. കൃത്രിമ രത്നങ്ങൾ ധാരാളം വിറ്റഴിയുമ്പോൾ അകൃത്രിമരത്നങ്ങൾ അവഗണിക്കപ്പെടാറുണ്ട്. പ്രൊഫ. മുണ്ടശ്ശേരി രേഖപ്പെടുത്തിയ ഒരു നിരീക്ഷണം ഈ സന്ദർഭത്തിൽ പ്രസക്തമാകുന്നു: "ചെറുപ്പക്കാരായ കവികളിൽ ഭൂരിപക്ഷം പേരും പുതിയ പുതിയ ടെക്നിക്കുകൾ പരീക്ഷിച്ചു കാടുകയറുന്ന മട്ടാണ്. സമകാലീനജീവിതത്തോടു പുറംതിരിഞ്ഞുനിന്നു സ്വന്തം ആത്മാവിൽ അഭയം തേടി എന്തൊക്കെയോ എഴുതിക്കൂട്ടുന്ന ഒരു വർഗമായിത്തീർന്നിട്ടുണ്ട് ഇന്നത്തെ യുവകവികൾ..."



പി. വി. കുര്യാക്കോസ്

ചില മികച്ച കൃതികളുടെ ഉള്ളടക്കം സമഗ്രരൂപത്തിൽ ഗ്രഹിക്കുവാൻ സാധാരണ വായനക്കാർക്കു കഴിയാതെവരാം. എങ്കിലും പ്രാഥമികമായ ഒരർഥപ്രതീതിക്കു പ്രയാസമുണ്ടാവില്ല. പക്ഷേ, ഒട്ടും അർഥബോധം ജനിപ്പിക്കാത്ത രചനകൾക്കാണ് ഇന്നു മുൻതൂക്കം.



എം. പി. അപ്പൻ

കുമാരനാശാന്റെ കവിതയ്ക്ക് ആദിഘട്ടങ്ങളിൽ അവഗണനയും അവഹേളനവും ഒക്കെ സഹിക്കേണ്ടിവന്നു. എന്നാൽ ഇപ്പോൾ അതു സർവാദൃതമായി ഭവിച്ചിരിക്കയാണല്ലോ. ആശാൻ എങ്ങനെയാണ് ഈ വിജയം നേടിയതെന്ന് ചെറുപ്പക്കാർ ഗ്രഹിക്കണം. ആ മഹാകവിയുടെ അഭിപ്രായം കേൾക്കുക:



എ. അടപ്പൂർ

"ഒരു കവിക്കു ഭൂഷണം അഗാധമായ ചിന്താസാമർഥ്യമാണ്. ചിന്താസന്താനങ്ങളല്ലാത്ത ഗ്രന്ഥസമുച്ചയങ്ങൾ ക്ഷണപ്രഭാപര്യവസായികളാകതന്നെ ചെയ്യും. അവ ചിന്താശക്തി നിറച്ചിട്ടുള്ള ഏതാനും വരികളോളം സഫലമാകയില്ല... എത്രയും വേഗം ശ്ലോകം തീർക്കുക ഒരു സാമർഥ്യമല്ല. എഴുതിയ ഭാഗം വീണ്ടും വീണ്ടും വായിച്ചു ശരിപ്പെടുത്തണം. അനന്തമായ ഗ്രന്ഥപരിചയവും ശാസ്ത്രവൈദഗ്ധ്യവുമുള്ള ഒരുവന് അവന്റെ ചിന്താവ്യാപാരചാതുര്യം കാവ്യനിർമാണത്തിൽ സർവ വിജയങ്ങളും നൽകുന്നു."

ഈ കാലഘട്ടത്തിൽ സാഹിത്യത്തിന് അപചയം സംഭവിച്ചുവെന്നതു വാസ്തവംതന്നെ. സാഹിത്യത്തിന് ഉയർച്ചയും താഴ്ചയും മാറിമാറി വരുന്നതിനാൽ ഇനി ഉയർച്ചയുണ്ടാകുമെന്നു ന്യായമായി പ്രത്യാശിക്കാം. ഞാൻ ശുഭാപ്തിവിശ്വാസിയാണ്. അചിരേണ സാഹിത്യത്തിന് ഉൽക്കർഷം ഉണ്ടാകുകതന്നെ ചെയ്യും.

സാഹിത്യരംഗം സർഗധനമാകണമെങ്കിൽ

എ. അടപ്പൂർ

സാമാന്യബുദ്ധിക്കും യുക്തിചിന്തയ്ക്കും ഇണങ്ങുന്ന വിശ്വദർശനത്തിൽനിന്നു സൃഷ്ടിസങ്കൽപ്പത്തെ ഒഴിവാക്കുമ്പോൾ പ്രപഞ്ചം നിരർഥകവും നിർലക്ഷ്യവും ആയിത്തീരുന്നു. മനുഷ്യമനസ്സിന് അതുൾക്കൊള്ളാനാവില്ല.

ബൈബിളിലെ ഈശ്വരസങ്കൽപ്പത്തെ നിരാകരിക്കുന്ന എത്രയോ എഴുത്തുകാരുണ്ട്. മനുഷ്യജീവിതം നിരർഥകമാണെന്ന വാദം ഉയർന്നുവന്നത് അവരുടെ കൃതികളിലൂടെയാ